## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2463** **14.06.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### കർഷകർക്ക് നൽകുന്ന പലിശ ഇളവ്

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കർഷകർക്ക് പലിശ ഇളവ് നൽകുന്ന പ്രഖ്യാപനം ബാങ്കുകളിൽ നടപ്പാക്കിയില്ലെന്നത് പരിശോധിക്കുമോ;

(ബി) സംസ്ഥാനത്തെ 1136 സഹകരണ ബാങ്കുകൾ കർഷകർക്ക് പലിശ ഇളവ് നൽകിയില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോ;

(എ) യും (ബി) യും: കർഷകർക്ക് അനുവദിക്കുന്ന പലിശയിളവ് ആനുകൂല്യങ്ങൾ എല്ലാ ജില്ലകളിലും ബാങ്കുകൾ നടപ്പാക്കി വരുന്നുണ്ട്.

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 27.02.2019-ലെ 12/19 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്ന അപേക്ഷകർക്കെങ്കിലും പലിശയിളവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം 3% നബാർഡ് വഴിയും 4% കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുമാണ് ചെയ്ത് വരുന്നത്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് ആനുപാതികമായി ജില്ലകളിൽ നിന്നുള്ള ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ച് നൽകുന്നുണ്ട്.

(ഡി) പലിശയിളവ് ലഭിക്കാത്ത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ജില്ലകളിൽ നിന്നു ലഭ്യമായ ക്ലെയിം സ്റ്റേറ്റ്മെന്റ് അനുസരിച്ച് ജില്ല തിരിച്ചുള്ള പട്ടിക സമർപ്പിക്കുന്നു.

| ജില്ല | എണ്ണം | തുക (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 52323 | 215663010 |
| കൊല്ലം | 1717 | 17447339 |
| പത്തനംതിട്ട | 10712 | 53119355 |

| | | |
|---|---|---|
| ആലപ്പുഴ | 13215 | 3270447 |
| കോട്ടയം | 11085 | 52074759 |
| ഇടുക്കി | 140343 | 165803406 |
| എറണാകുളം | 23796 | 476269137 |
| തൃശ്ശൂർ | 88584 | 225653208 |
| പാലക്കാട് | 60616 | 110058166 |
| മലപ്പുറം | 21976 | 38615322 |
| കോഴിക്കോട് | 10481 | 27306857 |
| വയനാട് | 29447 | 123868960 |
| കണ്ണൂർ | 141654 | 225498601 |
| കാസർഗോഡ് | 120876 | 54489787 |
| **ആകെ** | **726825** | **1789138354** |

(ഇ) ഇത് പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ഈ വിഷയത്തിൽ നാളിതുവരെ രജിസ്ട്രാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(ഇ) ജില്ലകളിൽ നിന്നും ലഭ്യമാകുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം അതാത് വർഷം ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി എല്ലാ വർഷവും തുക അനുവദിച്ച് നൽകുന്നുണ്ട്. 2019-20 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**